പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4481 | 28.06.2012-ൽ മറുപടിയ്ക്ക് |

വൈപ്പിൻ മണ്ഡലത്തിലെ മഴക്കാല പൂർവ്വ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) വൈപ്പിൻ മണ്ഡലത്തിലെ മഴക്കാല പൂർവ്വ പ്രവൃത്തികൾ നടത്തുന്നതിന് അനുവദിച്ച തുക എത്ര ; | (എ) വൈപ്പിൻ മണ്ഡലത്തിലെ മഴക്കാല പൂർവ്വ പ്രവൃത്തികൾ നടത്തുന്നതിന് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കാമോ ; | (ബി) 1) വൈപ്പിൻ -പള്ളിപ്പുറം റോഡിൽ കി.മീറ്റർ 0/000 മുതൽ 0/900 വരെയുള്ള ഭാഗത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള മൺവേലകൾ, മരച്ചില്ലകൾ വെട്ടിമാറ്റൽ, റോഡിലെ കുഴിയടയ്ക്കൽ (pothole filling) തുടങ്ങിയ അടിയന്തിര അറ്റകുറ്റപ്പണികൾ - 4 ലക്ഷം രൂപ.<br>2) വൈപ്പിൻ -പള്ളിപ്പുറം റോഡിൽ കി.മീറ്റർ 0/900 മുതൽ 18/000 വരെയുള്ള ഭാഗത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള മൺവേലകൾ, മരച്ചില്ലകൾ വെട്ടിമാറ്റൽ, റോഡിലെ കുഴിയടയ്ക്കൽ (pothole filling) തുടങ്ങിയ അടിയന്തിര അറ്റകുറ്റപ്പണികൾ - 3 ലക്ഷം രൂപ.<br>3) വൈപ്പിൻ -പള്ളിപ്പുറം റോഡിൽ കി.മീറ്റർ 18/000 മുതൽ 25/500 വരെയുള്ള ഭാഗത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള മൺവേലകൾ, |

| | |
|---|---|
| | മരച്ചില്ലകൾ വെട്ടിമാറ്റൽ, റോഡിലെ കുഴിയടയ്ക്കൽ (pothole filling) തുടങ്ങിയ അടിയന്തിര അറ്റകുറ്റപ്പണികൾ - 3 ലക്ഷം രൂപ. |
| (സി) പ്രസ്തുത പ്രവൃത്തികൾ ശുപാർശ ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരെന്ന് വ്യക്തമാക്കാമോ ; | (സി) ശ്രീമതി. ലതാ മങ്കേഷ്, അസിസ്റ്റന്റ് എഞ്ചിനീയർ. |
| (ഡി) പ്രസ്തുത പ്രവൃത്തികൾ ശുപാർശ ചെയ്തിട്ടില്ലായെങ്കിൽ, കാരണം വ്യക്തമാക്കാമോ ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ